# ജബോട്ടിക്കാബ (Jaboticaba)



തെക്കൻ ബ്രസീലിന്റെ പഴച്ചെടി. ലാൻഡ്സ്കേപ്പിങ്ങിന്റെ ഭാഗമാകുന്നതിനും ബോൺസായിയായി വളർത്തുന്നതിനും ഉത്തമം. ആണ്ടിൽ പലതവണയായി നിറയെ പൂവിടും. പൂക്കൾക്കു നിറം വെളുപ്പ്. മുന്തിരി പോലെ വൃത്താകൃതിയിൽ ഒരിഞ്ചോളം വ്യാസത്തിലാണ് പഴങ്ങൾ. ഉൾഭാഗം മാംസളമാണ്. മുന്തിരി പോലെ കഴിക്കാം. ധാതുക്കളുടെയും പോഷകങ്ങളുടെയും നിരോക്സീകാരകങ്ങളുടെയും മികച്ച സ്രോതസാണിവ. ഏതുതരം മണ്ണിലും വളരും. വിത്തു മുളച്ചുണ്ടാകുന്ന തൈകൾ പുഷ്പിക്കാൻ 8–10 വർഷങ്ങളെടുക്കും.

# കെപ്പൽ (Kepel)



ഇൻഡോനേഷ്യയിൽ ഉദ്ഭവിച്ച കെപ്പലിന്റെ ശാസ്ത്രീയ നാമം *Stelechocarpus burahol*. *Annonaceae* കുടുംബത്തിൽ ഉൾപ്പെടുന്ന ഈയിനം വംശനാശ ഭീഷണിയെ നേരിടുന്ന അവസ്ഥയിലാണിപ്പോൾ. ജാവാ ദ്വീപിലെ രാജകുടുംബത്തിന്റെ പ്രിയപ്പെട്ട പഴമാണ് കെപ്പൽ. ശരീരദുർഗന്ധത്തെയകറ്റുന്ന (ഡിയോഡറന്റ്) തിന് പ്രകൃതിദത്തമായി ഈ പഴത്തിനുള്ള കഴിവാണ് പ്രിയത്തിനു കാരണം. വായിലെ ദുർഗന്ധത്തെയകറ്റാനും കെപ്പലിനുള്ള കഴിവ് ഏറെ അംഗീകരിക്കപ്പെട്ടിരിക്കുന്നതാണ്. ശരീര സ്രവങ്ങളായ വിയർപ്പ്, മൂത്രം തുടങ്ങിയവയുടെ അരോചകമായ ഗന്ധത്തെയില്ലാതാക്കാനും ഈ പഴം സ്ഥിരമായി കഴിക്കുന്നതു സഹായിക്കുമെന്ന് പറയപ്പെടുന്നു. ഇവയിലടങ്ങിയിരിക്കുന്ന ചില രാസവസ്തുക്കളെ കെപ്പൽ ആഗിരണം ചെയ്യുന്നതാണിതിനു കാരണം. പഴങ്ങൾ സാമാന്യം വലുപ്പമേറിയതാണ്. ദശഭാഗത്തിന് ഇളംമഞ്ഞ നിറമായിരിക്കും.